**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494** **08-06-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri. V. N. Vasavan**<br>**(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | 1908-ലെ രജിസ്ട്രേഷൻ നിയമം, കേരള മുദ്രപത്ര നിയമം എന്നിവ പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കി കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ എന്ന് അറിയിക്കുമോ; | (എ) | 1959 ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 9(1), 1908 ലെ രജിസ്ട്രേഷൻ നിയമം വകുപ്പ് 78(2) എന്നിവ പ്രകാരം പൊതുതാൽപര്യാർത്ഥം സർക്കാരിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കാവുന്നതാണ് |
| (ബി) | എങ്കിൽ കെ.എസ്.ഇ.ബി.എൽ.- ന വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഈ വ്യവസ്ഥ ബാധകമാക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി.എൽ ന്റെ ചില പ്രോജക്ടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, ഇൻകൽ, സ്പെഷ്യൽ ഇക്കണോമിക് സോണുകൾ എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ മേൽപ്പറഞ്ഞ ആനുകൂല്യം ആനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | SRO.No.915/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 18/08/2004 തീയതിയിലെ G.O(P) No.139/2004/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഇക്കണോമിക് സോണുകളുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും, SRO No.916/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 18/08/2004 തീയതിയിലെ G.O.(P) No.140/2004/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിച്ചിട്ടുണ്ട്. S.R.O No.342/2003 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 10/04/2003 തീയതിയിലെ G.O.(P) No.64/2003/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിലും SRO No.341/2003 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 10/04/2003 തീയതിയിലെ G.O.(P) No.63/2003/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസിലും കിൻഫ്രക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ SRO No.840/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 08/07/2004 തീയതിയിലെ G.O.(P) No.108/2004/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിലും SRO |

| | | | |
|---|---|---|---|
| | | | No.841/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 08/07/2004 തീയതിയിലെ G.O.(P)No.109/2004/TD പ്രകാരം രജിസ്ട്രേഷൻ ഫീസിലും കിൻഫ്രയുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് ഇളവുകൾ അനുവദിച്ച ഉത്തരവായിട്ടുള്ളതാണ്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ഇ.ബി.എൽ. പൂർണമായും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനം ആയതിനാൽ അതിനു വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ് എന്നിവ ഒഴിവാക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ; | (ഡി) | നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | ഏറനാട് മണ്ഡലത്തിലെ വാളാംതോട് ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കി കൊടുക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ; | (ഇ) | അപേക്ഷ സർക്കാരിൽ ലഭ്യമായതായി കാണുന്നില്ല. |
| (എഫ്) | ഇല്ലെങ്കിൽ പ്രസ്തുത ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | (എഫ്) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ